# ഞാഞ്ഞൂൽ

നീ വെറും ഞാഞ്ഞൂലാണെടാ എന്ന് പറഞ്ഞ് കളിയാക്കുന്നത് എന്റെ ഒരു ശീലമായിപ്പോയി. നെഗളിപ്പെന്ന് കൂട്ടുകാരും ബന്ധുക്കളും ഓർമ്മപ്പെടുത്തിയിട്ടുണ്ട് പലപ്പോഴും. ഞാഞ്ഞൂലെന്ന് ഞാൻ വിളിക്കുന്ന ഒരു യാചകനുണ്ടായിരുന്നു എന്റെ നഗരത്തിൽ. നാല് വീലുള്ള കൊരണ്ടിയിൽ ഇരുന്ന്, നിലത്ത് കൈ കുത്തി ഓടിച്ച്, ആളുകളുടെ മുന്നിൽ യാചിച്ചിരുന്ന ഒരു വയസ്സൻ. ഒരു ദിവസം അയാൾ നഗര മദ്ധ്യത്തിൽ തന്നെ മരിച്ചു കിടന്നു. അയാളുടെ ഭാണ്ഡം തുറന്ന നിയമപാലകർ, കാണികൾ ഞെട്ടിപ്പോയി. ഒരു ലക്ഷത്തിൽ കൂടുതൽ ഇന്ത്യൻ പണം, പലരേയും സാമ്പത്തികമായി സഹായിച്ചിട്ടുള്ളതിന്റെ രേഖകൾ....

ഞാഞ്ഞൂലുകൾ വരണ്ട മണ്ണിനെ ഇളക്കി ഈർപ്പവും ജൈവാവസ്ഥയും നിലനിർ<u>ത്തു</u>മെന്ന സത്യം അപ്പോഴാണ് ഓർമ്മിക്കുന്നത്.

@